II ഇ.ബി. XIII-കേരള നിയമസഭ/XII-9

പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2014 ഡിസംബർ 12, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(സഭാനടപടികളാരംഭിച്ചയുടനെ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം അവരവരുടെ ഇരിപ്പിടങ്ങളിൽനിന്ന് എഴുന്നേറ്റ് ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബാനറുകളും പ്ലക്കാർഡുകളും ഉയർത്തി മുദ്രാവാക്യം മുഴക്കി ചോദ്യോത്തരവേള തടസ്സപ്പെടുത്തുകയുണ്ടായി)

വാങ്മൂലം നൽകിയ ഉത്തരം

23 (*271) ജെൻഡർ പാർക്കുകൾ

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) നൽകിയ മറുപടിയിൽ, സ്ത്രീകളുടെ സർവ്വതോന്മുഖവും സമഗ്രവുമായ പുരോഗതി

ലക്ഷ്യമാക്കി സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ജെൻഡർ പാർക്കുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടെന്നും വനിതകളുടെ സാമൂഹ്യ സാമ്പത്തിക പുരോഗതിക്കായുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും ഏകോപിപ്പിക്കുകയുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നതെന്നും സഭയെ അറിയിച്ചു. കോഴിക്കോട്ട് സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള 24 ഏക്കർ സ്ഥലത്താണ് ആദ്യത്തെ ജെൻഡർ പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലുള്ള ലാഭേച്ഛയില്ലാത്ത സൊസൈറ്റിയായിട്ടാണ് ഇത് നിലവിൽവരുന്നത്. കൺസൾട്ടന്റായി നിയമിക്കപ്പെട്ട കോഴിക്കോട് ആസ്ഥാനമായ സ്പെയ്സ് ആർട്ട് എന്ന സ്ഥാപനം രൂപരേഖ തയ്യാറാക്കി സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2015 മാർച്ചിന് മുമ്പായി നിർമ്മാണ പ്രവർത്തനം ആരംഭിക്കത്തക്ക രീതിയിൽ ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ജെൻഡർ പാർക്കിന്റെ ആദ്യത്തെ ഓഫ് ക്യാമ്പസ് പരിപാടിയായ 'ഷീ ടാക്സി' പദ്ധതിക്ക് സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ തിരുവനന്തപുരത്തും എറണാകുളത്തും തുടക്കംകുറിച്ചിട്ടുണ്ട്; ആയത് മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്. "ഫുഡ് ഓൺ വീൽസ്" എന്ന നൂതന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചുവരുന്നു.

(പ്രതിപക്ഷാംഗങ്ങൾ തുടർച്ചയായി മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നതിനാൽ ബഹു. ഡെപ്യൂട്ടി സ്പീക്കർ ചോദ്യോത്തരവേള രാവിലെ 8.31-ന് നിറുത്തിവയ്ക്കുന്നതായി അറിയിച്ചു)

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3284 മുതൽ 3631 വരെയുള്ള ചോദ്യങ്ങളിൽ 53 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)